പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3745** | **25.06.2013**-ൽ മറുപടിയ്ക്ക്

## 2013-2014 -ൽ ഖാദി ഗ്രാമ വ്യവസായങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക

ചോദ്യം

ശ്രീമതി. ജമീലാ പ്രകാശം

ശ്രീ. മാത്യു റ്റി. തോമസ്

ശ്രീ. ജോസ് തെറ്റയിൽ

ശ്രീ. സി.കെ. നാണു

ഉത്തരം

ശ്രീ. സി.എൻ. ബാലകൃഷ്ണൻ

(ബഹു. സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) 2013-14 സാമ്പത്തിക വർഷത്തിൽ എന്ത് തുകയാണ് ഖാദി ഗ്രാമവ്യവസായങ്ങൾക്ക് വേണ്ടി സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(എ) & (ബി) 2013-14 സാമ്പത്തിക വർഷത്തിൽ ഖാദിഗ്രാമ വ്യവസായങ്ങൾക്ക് വേണ്ടി സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ ആകെ 1281 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഇനം | തുക ₹ in lakh |
|---|---|---|
| 1 | ഏറ്റുകടുക്കയിലെ സ്ലൈവർ പ്രോജക്ടിന്റെ ആധുനികവൽക്കരണവും വികസനവും | 20 |
| 2 | വാർത്താ വിനിമയവും പ്രചരണ വും പരിശീലനവും. | 35 |
| 3 | ഖാദി ബോർഡ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം | 10 |
| 4 | തേനീച്ച വളർത്തൽ വ്യവസായം | 5 |
| 5 | ഖാദി നൂൽപ്പ്കാർക്കും നെയ്ത്തുകാർക്കും | 125 |

| | |
|---|---|
| (സി) കേന്ദ്ര സർക്കാരിൽ നിന്നും കേന്ദ്ര ഖാദി ഗ്രാമോദ്യോഗ് കമ്മീഷനിൽ നിന്നും എന്ത് സാമ്പത്തിക സഹായമാണ് നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ പ്രതീക്ഷിക്കുന്നത്; വെളിപ്പെടുത്തുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (സി) പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരം 2013-14 വർഷം 1007.4 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ എം.ഡി.എ (Market Development Assistance) ഇനത്തിൽ 8 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ